പാസ്സാക്കി കഴിഞ്ഞിട്ടില്ല. ഇനിയും 257 പഞ്ചായത്തുകളും മൈലാ പാസ്സാക്കേണ്ടതായിട്ടുണ്ട്.

(ബി) പാസ്സാക്കിയ മൈലാകളിൽ 228 എണ്ണം ഗസറ്റിൽ പ്രസ്ദ്ധം ചെയ്തിട്ടുണ്ട്.

STARRED QUESTIONS POSTED FOR ANSWER ON 5-3-1956.

കേരളസംസ്ഥാന രൂപീകരണം.

* 209. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് കേരളസംസ്ഥാന രൂപീകരണത്തിനുവേണ്ടി ഈ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ചെങ്കോട്ട താലൂക്കിൽപ്പെട്ട വനവിഭാഗം അതും അതിൽ തിട്ടപ്പെടുത്തുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കുടിയേറിപ്പാർക്കുവാൻ അയയ്ക്കപ്പെട്ടിട്ടുള്ള കുടുംബങ്ങൾ.

* 210. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിൽനിന്നും ആൻഡമാൻസിലേക്കും, തോപ്പാലിലേക്കും കുടിയേറിപ്പാർക്കുവാൻ അയയ്ക്കപ്പെട്ടിട്ടുള്ള കുടുംബങ്ങൾ എത്ര;

(ബി) അവർക്ക് ഗവണ്മെന്റിൽനിന്നും നൽകിയിട്ടുള്ള സഹായങ്ങൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 72 കുടുംബങ്ങൾ ആൻഡമാൻസിലേക്കും, 120 കുടുംബങ്ങൾ തോപ്പാലിലേക്കും അയക്കപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന ഗവണ്മെന്റിൽനിന്നും യാതൊരു സഹായവും നൽകിയിട്ടില്ല. എന്നാൽ ഈ രണ്ടു കുടിയേറ്റങ്ങളും ഇൻഡ്യാ ഗവണ്മെന്റിന്റെ ചില നിശ്ചിതപദ്ധതിയനുസരിച്ചുള്ളവയാണ്. ടി പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇൻഡ്യാഗവണ്മെന്റ് അവർക്ക് നൽകുന്നുണ്ട്.

Recommendations of the Pay Commission.

* 211. [6] SHRI K. SATTANATHA KARAYALAR: Will the Minister for Local Self Government be pleased to state:

(a) the names of Municipalities that have passed resolutions to implement the recommendations of the Pay Commission;

LIBRARY ARCHIVES Kerala Legislative Assembly

(b) the names of Municipalities that have implemented the recommendations ; and

(c) the names of Municipalities and reasons for each for the delay in implementing the Pay Commission recommendations after they have passed resolutions to implement the same ?

Minister for Local Self Government (SHRI K KOCHUKUTTAN)

(a) Government are not aware whether any Municipality has passed resolution to implement the recommendation of the Pay Commission to the Municipal employees.

(b) Nil.

(c) Does not arise in view of answer to (a).

സംസ്ഥാന പുനഃസംഘടനാകമ്മിഷന്റെ റിപ്പോർട്ടിൻമേലുള്ള തീരുമാനം.

* 212. [7] ശ്രീ. പ്രാക്കളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കമ്മിഷന്റെ റിപ്പോർട്ടിന്മേൽ ഇൻഡ്യാ ഗവണ്മെന്റ് എന്തു തീരുമാനമാണ് സ്വീകരിച്ചിരിക്കുന്നത് എന്നുള്ള വിവരം ഈ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണ് ;

(സി) കേരളസംസ്ഥാനത്തിനു ലഭിക്കേണ്ട ചെങ്കോട്ട താലൂക്കിന്റെ ഭാഗങ്ങൾ അടുത്ത പിടിപ്പെടുത്തുന്നതിനു കേന്ദ്രഗവണ്മെന്റ് ഒരു സർവ്വേപാർട്ടിയെ നിയോഗിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 16-1-56-ലെ ഇൻഡ്യാഗവണ്മെന്റ് പ്രസ്സ് കമ്മുണിക്കേയുടെ ഒരു പ്രതി ഈ ഗവണ്മെന്റിനു് അയച്ചിട്ടുണ്ടു്.

(ബി) ചെങ്കോട്ടതാലൂക്കിൽ സഹ്യാദ്രിയുടെ പടിഞ്ഞാറുഭാഗത്തുള്ള പ്രദേശങ്ങൾ നിർദ്ദിഷ്ട കേരളസംസ്ഥാനത്തിൽ ഉൾപ്പെടുത്തുവാനാണ് തീരുമാനം.

(സി) ഇല്ല.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 213. [8] ശ്രീ. പ്രാക്കളം ഭാസി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ പദ്ധതി പഞ്ചവത്സരപദ്ധതിയായി വ്യാകസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly